DISPATCHED
On 10/06/2020

28/02/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2639*(2)/2015*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 9757/*എസ്.ഐ.സി–ജി 6/2015*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ആർ.അനിൽകുമാർ,**
**പടിഞ്ഞാറേക്കര വീട്, കാപ്പ്,**
**മടക്കെത്താനം പി.ഒ, മൂവാറ്റുപുഴ.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പോലീസ് സൂപ്രണ്ടിന്റെ (ഭരണവിഭാഗം) കാര്യാലയം,**
   **സ്പെഷ്യൽ ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സ്,**
   **തിരുവനന്തപുരം**

2. **അപ്പീൽ അധികാരി &**
   **ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ (ഇന്റലിജൻസ്),**
   **സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി**
   **ഹെഡ്ക്വാർട്ടേഴ്സ്, പട്ടം,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.01.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.01.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.02.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.03.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.06.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.06.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ആർ.അനിൽകുമാർ, 05.06.2015 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും പൂർണ്ണമായ വിവരം ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 05.01.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീ.കെ.ജി.പരമേശ്വരൻ നായർ (റിട്ട.എസ്.ഐ), ജയശ്രീ നിവാസ്, ഇ.എം.എസ്.നഗർ, മുടവൂർ പി.ഒ, മൂവാറ്റുപുഴ എന്നയാൾ മൂവാറ്റുപുഴ കൊച്ചങ്ങാടി എന്ന സ്ഥലത്ത് മോഹൻദാസ് എന്നയാൾ നടത്തുന്ന പലിശ പണമിടപാടിനെക്കുറിച്ച് എ.ഡി.ജി.പി ഇന്റലിജൻസിന് ചില രഹസ്യവിവരങ്ങൾ ഒരു കത്ത് മുഖേന നൽകിയിട്ടുണ്ടെന്നും ടി കത്തിന്മേൽ സ്വീകരിച്ച അനന്തരനടപടികൾ ലഭ്യമാക്കുക എന്നതായിരുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.07.2015 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 05.01.2015 ന് സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് 20.01.2015 ൽ മറുപടി നൽകിയെന്നും പൊതുജനങ്ങളിൽ നിന്ന് SBCID ഓഫീസിൽ ലഭിക്കുന്ന വിവരങ്ങൾ ഇന്റലിജൻസ് ഇൻപുട്ട് ആയാണ് കണക്കാക്കുന്നതെന്നും ആയതിനാൽ ഇത്തരം വിവരങ്ങളോ അതിനോട് അനുബന്ധിച്ചു നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ടോ പരസ്യപ്പെടുത്തുന്നത് ഉചിതമല്ലെന്നുമാണ്. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിനും അപേക്ഷയ്ക്കും വിവരാവകാശ നിയമം 24(4) വകുപ്പിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ച 07.02.2006 തീയതിയിലെ ഉത്തരവ് (പി).നം.43/06/ജി.എ.ഡി, 22.01.2008 ലെ (എം.എസ്).നം.26/8/ജി.എ.ഡി കേരള പോലീസ് ഡയറക്ടർ ജനറലിന്റെ 27.01.2009 ലെ ടി1/41869/07 എന്നീ ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി (ഇന്റലിജൻസ്) ൽ നിന്നും നൽകാവുന്ന വിവരങ്ങളുടെ പരിധിയിൽ പെടുന്നില്ലായെന്നറിയിച്ചുകൊണ്ട് പ്രസ്തുത ഓഫീസിൽ നിന്നും യഥാസമയം മറുപടി നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

RIGHT TO INFORMATION

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും ഓഫീസിൽ ലഭ്യമായ വിവരം സമയബന്ധിതമായി തന്നെ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN